DESPATCHED
On 25/10/22...



സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം-695 001
Email: sic.ker@nic.in

ഹർജി നമ്പർ AP 1275(1)/2022/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
File No.9686/SIC-Gen4/2022
(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ഒക്ടോബർ 20

ശ്രീ. ഇസ്മയിൽ ബി.എ.,
സി.കെ. ഹൗസ്,
എയ്യള, തെക്കിൽ പി.ഒ.,
കാസറഗോഡ് – 671 541. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഹെഡ് ക്വാർട്ടേഴ്സ് ഡെപ്യൂട്ടി തഹസിൽദാർ, താലൂക്ക് ഓഫീസ്, കാസറഗോഡ്–671 121.
2. അപ്പീൽ അധികാരി & തഹസിൽദാർ, താലൂക്ക് ഓഫീസ്, കാസറഗോഡ് – 671 121.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 23.12.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 17.01.2022 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 25.01.2022 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 14.03.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 22.06.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 24.06.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 6.7.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 22.7.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 19.10.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എതിർകക്ഷികൾ | ഹാജരായി<br>ഹാജരായി |

**ഉത്തരവ്**

ശ്രീ. ഇസ്മയിൽ ബി.എ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് ശരിയായ വിവരം നൽകാത്തതിനാൽ അപ്പീൽ നൽകി എന്നും തുടർന്ന് അപ്പീൽ അധികാരി

നൽകിയ നിർദ്ദേശം ഒന്നാം എതിർകക്ഷി പാലിച്ചിട്ടില്ല എന്നും ആയതിനാൽ വിവരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 23.12.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് കാസറഗോഡ് താലൂക്ക് ഓഫീസിൽ ഒരേ സീറ്റിൽ 3 വർഷവും അതിൽ കൂടുതലും ഇരുന്ന് ജോലി ചെയ്യുന്നവർ എത്ര ജീവനക്കാരാണ്, അവരുടെ പേരും മേൽവിലാസവും സീറ്റ് നമ്പറും, തസ്തികയും (ഒ.എ മുതൽ തഹസീൽദാർ വരെ). കൂടാതെ താലൂക്ക് സർവ്വെയർമാർ ഉൾപ്പെടെയുള്ള വിവരങ്ങൾ വിവരാവകാശ നിയമം 2005 വകുപ്പ് 7(1) പ്രകാരം 48 മണിക്കൂറിനകം നൽകണമെന്ന് അപേക്ഷിക്കുന്നു.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 17.1.2022–ന് ഭാഗികമായി മറുപടി നൽകിയതായി കാണുന്നു. മേൽ മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 25.1.2022–ന് ഒന്നാം അപ്പീൽ നൽകിയതായി കാണുന്നു. ടി അപ്പീൽ തീർപ്പാക്കി 14.3.2022–ന് നൽകിയ ഉത്തരവിൽ പ്രസ്താവിച്ചത്, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ടി കാര്യാലയത്തിലെ ഓഫീസ് അസിസ്റ്റന്റ് മുതൽ തഹസിൽദാർ വരെയും കൂടാതെ താലൂക്ക് സർവ്വെയർമാരുടെയും ഉൾപ്പെടെ മൂന്ന് വർഷത്തിലധികം താലൂക്ക് ഓഫീസിൽ ഒരേ സീറ്റിൽ സെക്ഷനിൽ ഇരുന്ന് ജോലി ചെയ്യുന്ന ജീവനക്കാരുടെ വിവരങ്ങൾ ആണെന്നും എന്നാൽ ടിയാന് അനുവദിച്ചിരിക്കുന്നത് ക്ലാർക്കുമാരുടെ വിവരങ്ങൾ മാത്രമാണെന്നും മേൽ വിഷയത്തിൽ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയും അപ്പീൽ ഹർജിയും പരിഗണിച്ച് മൂന്ന് വർഷത്തിലധികമായി കാസറഗോഡ് താലൂക്കിന്റെ പരിധിയിൽ ഒരേ ഓഫീസിൽ/സീറ്റിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിവരങ്ങൾ അപേക്ഷകന് നൽകുന്നതിന് ഉത്തരവായിക്കൊണ്ട് അപ്പീൽ ഹർജി തീർപ്പാക്കുന്നു എന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 23.12.2021–ന് ഒന്നാം എതിർകക്ഷി മുമ്പാകെ വിവരാവകാശ അപേക്ഷ സമർപ്പിച്ചിരുന്നു എന്നും ടി അപേക്ഷയിൽ കാസറഗോഡ് താലൂക്ക് ഓഫീസിൽ ഒരേ സീറ്റിൽ 3 വർഷവും അതിൽ കൂടുതലും ഇരുന്ന് ജോലി ചെയ്യുന്ന ഒ.എ മുതൽ തഹസിൽദാർ വരെയുള്ളവരുടെ പേര്, മേൽവിലാസം, സീറ്റ് നമ്പർ എന്നിവ ആവശ്യപ്പെട്ടിരുന്നതാണെന്നും ആയതിന് 17.1.2022–ൽ എസ്.പി.ഐ.ഒ വിവരങ്ങൾ ഹർജിക്കാരനെ അറിയിച്ചിരുന്നതാണെന്നുമാണ്. എന്നാൽ ടി വിവരങ്ങൾ അപൂർണ്ണമാണെന്ന് കാണിച്ച് ടിയാൻ അപ്പീൽ അധികാരിയായ തഹസിൽദാർ മുമ്പാകെ 25.1.2022 തീയതിയിൽ അപ്പീൽ

സമർപ്പിച്ചിരുന്നതും ആയതിന്മേൽ അപ്പീൽ അധികാരി ടിയാനെ 16.2.2022 ന് നേരിൽ കേട്ടിരുന്നതും ആയതിന്മേൽ ടിയാന് ടി കാര്യാലയത്തിൽ 3 വർഷവും അതിൽ കുടുതലുമായി ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ വിവരങ്ങൾ അനുവദിക്കുന്നതിനും എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകി ഉത്തരവായി കൊണ്ട് 14.3.2022–ന് അപ്പീൽ തീർപ്പാക്കിയിരുന്നതും ടി കാര്യാലയത്തിലെ എ2–02/2022 തിയതി 31.1.2022 പ്രകാരം ഒരേ സീറ്റിൽ മൂന്ന് വർഷത്തിലധികമായി ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ സീറ്റ് മാറ്റിയതിനാൽ ടി കാര്യാലയത്തിൽ 3 വർഷവും അതിൽ അധികവുമായി ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ വിവരങ്ങൾ 15.3.2022–ന് എസ്.പി.ഐ.ഒ കൈമാറിയിട്ടുള്ളതുമാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിന്റേയും ഹർജിക്കാരനേയും എതിർകക്ഷികളേയും നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ, ഹർജിക്കാരന് ഒന്നാം എതിർകക്ഷി ആദ്യം വിവരങ്ങൾ നിഷേധിക്കുകയും പിന്നീട് അപ്പീൽ അധികാരി ഇടപെട്ടതിനുശേഷം വിവരങ്ങൾ നൽകിയതായി കമ്മീഷന് മനസ്സിലാക്കാൻ കഴിഞ്ഞു. ഹിയറിംഗ് വേളയിൽ എസ്.പി.ഐ.ഒയും ഹർജിക്കാരനും വ്യക്തി വൈരാഗ്യം ആരോപിച്ചതിന്റെ അടിസ്ഥാനത്തിൽ ഇവർക്കിടയിൽ അനാരോഗ്യപരമായ പ്രതികാര മനോഭാവം ഉള്ളതായി കമ്മീഷന് മനസ്സിലാകുന്നു. ഇത് ഒരു ഉദ്യോഗസ്ഥൻ എന്ന നിലയിൽ നോക്കുമ്പോൾ എസ്.പി.ഐ.ഒയുടെ ഭാഗത്ത് നിന്ന് ഇത്തരം മനോഭാവം ഉണ്ടാകാൻ പാടില്ലായെന്നും കമ്മീഷൻ വിലയിരുത്തുന്നു. ഇതോടൊപ്പം ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ അങ്ങേയറ്റം ശ്രദ്ധിക്കണമെന്നും എസ്.പി.ഐ.ഒയോട് നിർദ്ദേശിച്ചു കൊണ്ട് ടിയാനെതിരെയുള്ള നടപടികൾ ഒഴിവാക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഒക്ടോബർ 20–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk

STATE INFORMATION COMMISSION • KERALA